ചെസ് കളിക്കാരെ സംസ്ഥാന സർവ്വീസിൽ റിക്രൂട്ട് ചെയ്യുന്ന രീതി

186 (3115)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെസ്സ് ഒരു ഗെയിം ആയി സംസ്ഥാനത്ത് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം;

(ബി) കേരളത്തിലെ ചെസ്സ് ഗെയിംസ് താരങ്ങളുടെ നിലവാരം ഇപ്പോൾ മെച്ചപ്പെട്ടിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏതൊക്കെ മേഖലകളെ പ്രതിനിധികരിച്ചിട്ടുള്ള കായിക താരങ്ങളെയാണ് സംസ്ഥാന സർക്കാർ സർവ്വീസിലേയ്ക്ക് തെരഞ്ഞെടുക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) അന്താരാഷ്ട്ര-ദേശീയ-സംസ്ഥാനതലങ്ങളിൽ വിജയിച്ചിട്ടുള്ള ചെസ്സ് കളിക്കാരെ സംസ്ഥാന സർവ്വീസിലെ റിക്രൂട്ട്മെന്റിൽ നിന്ന് ഒഴിവാക്കിയതിനുള്ള കാരണമെന്താണ്;

(ഇ) ഈ കായിക താരങ്ങളെക്കൂടി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) & (ഡി) സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഒളിമ്പിക്സ്, നോൺ ഒളിമ്പിക് ഇനങ്ങളിൽപ്പെട്ട സ്പോർട്സ്/ഗെയിംസുകളാണ് സംസ്ഥാന സർക്കാർ സർവ്വീസിലേക്ക് കായികതാരങ്ങൾക്ക് നിയമനം നൽകുന്നതിന് പരിഗണിക്കുന്നത്. "ചെസ്സ്" കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഒരു നോൺ ഒളിമ്പിക് ഇനമാണ്. അതിനാൽ ചെസ്സ് താരങ്ങൾ ഈ പദ്ധതി പ്രകാരം നിയമനത്തിന് പരിഗണനാർഹരാണ്. ഇവരെ പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. കായികതാരങ്ങളുടെ നേട്ടങ്ങൾ വിലയിരുത്തിയാണ് നിയുക്ത കമ്മിറ്റി തെരഞ്ഞെടുപ്പ് നടത്തുന്നത്.

(ഇ) 25.11.98-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ 21 ഇനങ്ങളിലാണ് നിയമനം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഇതിൽ ചെസ്സ് ഉൾപ്പെടുത്തിയിട്ടില്ല. ഇപ്പോൾ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇനങ്ങളെ വരുംവർഷങ്ങളിലെ നിയമനത്തിന് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ യുക്തമായ തീരുമാനം ആ സമയത്ത് എടുക്കുന്നതായിരിക്കും.

തുറമുഖങ്ങളുടെ വികസനം

187 (3116)ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

ശ്രീ. എളമരം കരീം :

ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിൽ തുറമുഖ വികസനത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏതെല്ലാം തുറമുഖങ്ങളാണ് വികസന പ്രവർത്തനങ്ങൾ ആവശ്യമാണെന്നു കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) വിഴിഞ്ഞം, ആലപ്പുഴ, കായംകുളം, വലിയതുറ, അഴീക്കൽ എന്നീ തുറമുഖങ്ങളുടെ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ബേപ്പൂർ ക്യാപിറ്റീവ് ജെട്ടി നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) സർക്കാർ മൊബീൽ പീവിസ് കമ്പനി ലിമിറ്റഡുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ? എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി നീണ്ടകര, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ചില വികസന പ്രവർത്തനങ്ങൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ബേപ്പൂർ അഴിമുഖത്ത് 860 മീറ്റർ 820 മീറ്റർ വീതം നീളമുള്ള രണ്ട് പുലിമുട്ടുകൾ നിർമ്മിച്ചിട്ടുണ്ട്. ബേപ്പൂരിൽ നിലവിലുള്ള 150 മീറ്റർ നീളമുള്ള വാർഫിന്റെ പണി പുരോഗമിച്ചുവരുന്നു. നീണ്ടകരയിൽ രണ്ട് പുലിമുട്ടുകൾ, 70 മീറ്റർ വാർഫ്, ട്രാൻസിറ്റ് ഷെഡ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. അഴീക്കലിൽ 1070 മീറ്റർ, 1150 മീറ്റർ വീതം നീളമുള്ള രണ്ടു പുലിമുട്ടുകളുടെ നിർമ്മാണം നടപ്പാക്കി വരുന്നു. കൂടാതെ സംസ്ഥാനത്തെ തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം ഒരു വാണിജ്യതുറമുഖമായി വികസിപ്പിക്കുന്നതിന് ആന്ധ്രാ പ്രദേശിലെ 'കുമാർ എഞ്ചിനീയറിംഗ് കോർപ്പറേഷൻ' എന്ന കമ്പനിയുമായും, തങ്കശ്ശേരിയിൽ സിമന്റ്, ടെർമിനൽ സ്ഥാപിക്കാൻ അംബുജാ സിമന്റ്' എന്ന കമ്പനിയുമായും മുനമ്പത്ത് ഒരു സിമന്റ് ടെർമിനൽ സ്ഥാപിക്കാൻ 'സൗരാഷ്ട്രാ സിമന്റ്സ്' എന്ന കമ്പനിയുമായും ബേപ്പൂരിൽ ഒരു എൽ.പി.ജി.പ്ലാന്റ് സ്ഥാപിക്കാൻ 'പീ വിസ് പെട്രോളിയം' എന്ന കമ്പനിയുമായും അഴീക്കലിൽ കംബൈന്റ് സൈക്കിൾ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കെ.പി.പി. നമ്പ്യാർ ആന്റ് അസോസിയേറ്റ്സ് എന്ന കമ്പനിയുമായും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിൽ ബേപ്പൂർ വികസനത്തിന് വേണ്ടിയുള്ള ബി.ഒ.ടി എഗ്രിമെന്റ് ഒപ്പുവെച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ തുറമുഖങ്ങളുടെ അനുയോജ്യതാ പഠനം നടത്തുന്നതിന് കേരള സർക്കാർ ബോംബെയിലെ 'ഇൻഡോപ്പോൾ' എന്ന കമ്പനിയെകൊണ്ട് 1968-ൽ പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(സി) നീണ്ടകര, ബേപ്പൂർ, അഴീക്കൽ, പൊന്നാനി എന്നിവ ചരക്ക് മത്സ്യബന്ധന തുറമുഖമായി വികസിപ്പിക്കാൻ സാദ്ധ്യതയുണ്ടെന്ന് പഠന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

(ഡി) മത്സ്യബന്ധന തുറമുഖത്തോടനുബന്ധിച്ച് വിഴിഞ്ഞത്തെ ചരക്കിറക്കുന്നതിനുവേണ്ടി 80 മീറ്റർ നീളമുള്ള ഒരു താൽക്കാലിക വാർഫ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖം ഒരു വാണിജ്യ തുറമുഖമായി

LIBRARY ARCHIVES Kerala Legislative Assembly

വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞത്ത് ഒരു ട്രാൻഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിനായി 'കുമാർ എഞ്ചിനീയറിംഗ് കോർപ്പറേഷൻ' എന്ന കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ആലപ്പുഴ തുറമുഖത്തിന്റേയും കായംകുളം തുറമുഖത്തിന്റേയും വികസനത്തിനായി സ്വകാര്യസംരംഭകരെ ക്ഷണിച്ചുകൊണ്ട് പത്രപരസ്യങ്ങൾ നൽകുകയുണ്ടായി. അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത തുറമുഖത്ത് 500 മെഗാവാട്ട് ശേഷിയുള്ള പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കെ.പി.പി. നമ്പ്യാർ ആന്റ് അസോസിയേറ്റ്സ് എന്ന കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ഇ) ബേപ്പൂരിൽ ഒരു എൽ.പി.ജി. ടെർമിനൽ സ്ഥാപിക്കുന്നതിനു വേണ്ടി മൊബീൽ പീവീസ് കമ്പനിയുമായി ഒരു ബി.ഒ.ടി. എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്.

ഈ പദ്ധതി പ്രകാരം പ്രതിവർഷം 5 ലക്ഷം മെട്രിക് ടൺ ദ്രാവകരൂപത്തിലുള്ള പെട്രോളിയം വാതകം ഇറക്കുമതി ചെയ്ത് ശേഖരിച്ച് ബോട്ടലിംങ്ക് നടത്തുന്നതിനാവശ്യമായ ജെട്ടിയും മറ്റനുബന്ധസൗകര്യങ്ങളും ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. പദ്ധതിയുടെ മാതൃകാപഠനം പീവീസ് പെട്രോളിയം കമ്പനിയുടെ ചെലവിൽ കേന്ദ്ര ജല വൈദ്യുത ഗവേഷണ കേന്ദ്രത്തിൽ നടന്നുവരുന്നു.

വിഴിഞ്ഞത്ത് കണ്ടെയിനർ ടെർമിനൽ

188 (3117) ശ്രീ. പാലോട് രവി :

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗവൺമെന്റിന്റെ കാലത്ത് വിഴിഞ്ഞത്ത് അന്തർദേശീയ നിലവാരമുള്ള ഒരു കണ്ടെയിനർ ടെർമിനൽ സ്ഥാപിക്കുന്നതിനുവേണ്ടി ഹൈദരാബാദിലെ കുമാർ ഗ്രൂപ്പുമായി ഒരു ധാരണാപത്രത്തിൽ ഒപ്പു വച്ചിരുന്നോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു;

(സി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) കരട് ബി.ഒ.ടി എഗ്രിമെന്റ് സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly